ഡിഫക്ട് ഫീസായ 25000/- രൂപാ ഓരോ വർഷത്തേയ്ക്ക് അടച്ച് തന്നാണ്ടത്തെ ലൈസൻസ് തുക അടച്ചും ലൈസൻസ് പുതുക്കാവുന്നതാണ്.

(ഡി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.†

(ഇ) ഇല്ല.

ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർ

59 (1882)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനംമൂലം സംസ്ഥാനത്ത് എത്ര തൊഴിലാളികളാണ് തൊഴിൽ രഹിതരായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) ചാരായ നിരോധനംമൂലം തൊഴിൽ രഹിതരായ തൊഴിലാളികളെ കള്ളുഷാപ്പുകളിൽ സെയിൽസ്മാനായി നിയമിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കള്ളുഷാപ്പുകളിൽ സെയിൽസ്മാൻന്മാരായി പുറംവാതിൽ നിയനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനധികൃത തൊഴിലാളികളെ പിരിച്ചു വിട്ട് ചാരായ തൊഴിലാളികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്ന 12500-ൽപരം ചാരായ തൊഴിലാളികൾ തൊഴിൽ രഹിതരായി.

(ബി) തൊഴിൽ രഹിതരായ ചാരായ തൊഴിലാളികളെ സർക്കാർ ആഭിമുഖ്യത്തിൽ പുനരധിവസിപ്പിക്കുക പ്രായോഗികമല്ലെന്നുകണ്ട് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തൊഴിലാളി സംഘടന പ്രതിനിധികളുമായി ചർച്ച നടത്തി തീരുമാനിച്ചതനുസരിച്ച് ഓരോ തൊഴിലാളിക്കും 30000/- രൂപയും ആശ്വാസധനസഹായമായി 2000/- രൂപ വീതവും സർക്കാർ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ അബ്കാരി തൊഴിലാളിക്ഷേമനിധി ഫണ്ടിൽ നിന്ന് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, പെൻഷൻ, മരണാനന്തര സഹായം എന്നിവയും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി)&(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

† അനുബന്ധം VII

1137/2010.

LIBRARY ARCHIVES Kerala Legislative Assembly